(സി) പ്രസ്തുത സ്ഥാപനത്തിന് കെ.എസ്.ഇ.ബി.യുമായി മീറ്ററിനെ സംബന്ധിച്ച് ഉണ്ടായിരുന്ന കരാർ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല ; തന്നാണ്ട് ലാഭ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) പാലക്കാട് യു.ഇ.ഐ.യുടെ യൂണിറ്റ് 2011 ജനുവരി 23-ന് ഉദ്ഘാടനം ചെയ്തു. കൊല്ലത്തെ ഈ കമ്പനി പാലക്കാട്ടേയ്ക്ക് ഷിഫ്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

(സി) എൽ.സി.ഡി. ടൈപ്പ് മീറ്ററിന്റെ വിതരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യുമായി കരാർ ഉണ്ടാക്കിയിട്ടില്ല. എന്നാൽ Purchase-Order പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മീറ്റർ മുഴുവനും കെ.എസ്.ഇ.ബി.ക്ക് supply ചെയ്യാൻ കഴിഞ്ഞിട്ടില്ല. സമയ പരിധി റീഷെഡ്യൂൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പുനലൂർ പേപ്പർ മില്ലിന്റെ തുടർപ്രവർത്തനം

163 (2193) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മില്ലിന്റെ തുടർപ്രവർത്തനം 2011 ജനുവരി മാസം തുടങ്ങുമെന്ന് ഇപ്പോഴത്തെ മാനേജ്മെന്റ് സർക്കാരിന് നല്കിയിരുന്ന ഉറപ്പ് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം 2011 ഫെബ്രുവരിമാസം തുടങ്ങുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിൽ ഉണ്ടായ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും പഴയവ പുതുക്കുന്നതിനും മറ്റും ഉണ്ടായ കാലതാമസമാണ് ഇതിനിടയാക്കിയതെന്ന് മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചു. എന്നാൽ ഏപ്രിൽ മാസത്തോടുകൂടി എല്ലാ മെഷീനുകളും സ്ഥാപിച്ച് ട്രയൽ റൺ ആരംഭിക്കും എന്നാണ് കമ്പനി മാനേജ്മെന്റ് സർക്കാരിന് നൽകിയിരിക്കുന്ന ഉറപ്പ്.

എടരിക്കോട്ടെ 'കെൽ' നവീകരണം

164 (2194) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട്ടെ 'കെൽ' നവീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസം എത്ര ട്രാൻസ്ഫോർമറുകളാണ് അവിടെ ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നത് ;

(സി) എത്ര പേർ സ്ഥിരമായി അവിടെ ജോലി ചെയ്യുന്നുണ്ട് ; നവീകരണത്തോടുകൂടി എത്ര പേർക്കുകൂടി തൊഴിൽ സാദ്ധ്യത ലഭ്യമാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട് യൂണിറ്റിൽ 3 കോടി രൂപയുടെ നവീകരണം 2010 സെപ്റ്റംബർ മാസത്തോടെ പൂർത്തിയായിട്ടുണ്ട്. തുടർ നവീകരണം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രതിമാസം 100 ട്രാൻസ്ഫോർമറുകളാണ് ഇപ്പോൾ ഈ യൂണിറ്റിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

(സി) ഇപ്പോൾ ഈ യൂണിറ്റിൽ 22 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

കല്ലേപ്പുള്ളിയിലുള്ള 'കെൽപാം'-ന്റെ പനനാര് സംസ്കരണ യൂണിറ്റ്

165 (2195) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കല്ലേപ്പുള്ളിയിലുള്ള കെൽപ്പാമിന്റെ പനനാര് സംസ്ക്കരണ യൂണിറ്റ് നവീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ; ആയതിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റിന്റെ വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കല്ലേപ്പുള്ളിയിലുള്ള കെൽപാമിന്റെ പനനാര് സംസ്കരണ യൂണിറ്റ് നവീകരിക്കുന്നതിനായി കെട്ടിടം നിർമ്മിച്ച് പനനാര് സംസ്കരണം നടത്തി. ഈ യൂണിറ്റിനനുബന്ധമായി പനംതടി ഫർണിച്ചർ യൂണിറ്റ് സ്ഥാപിക്കുകയും അതിനു വേണ്ട ആധുനിക യന്ത്രവൽക്കരണം നടത്തുകയും ചെയ്തു. കൂടാതെ സംസ്കരിച്ച പനനാരുകൊണ്ടുള്ള ബ്രഷ് യൂണിറ്റ് സ്ഥാപിക്കുകയും ചെയതു. കല്ലേപ്പുള്ളിയിലുള്ള കെൽപാമിന്റെ യൂണിറ്റ് നവീകരിക്കുന്നതിനായി ആകെ 49.78 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly